JANAYUGOM 04.01.2018

# വൈഗ കഫേ കുടുംബശ്രീ: 32 ലക്ഷത്തിന്റെ വിൽപന

തൃശൂർ: അന്താരാഷ്ട്ര കാർഷിക പ്രദർശനമായ വൈഗയ്ക്കായി കഫേ കുടുംബശ്രീ വിളംബിയത് 32 ലക്ഷം രൂപയുടെ രുചിവൈവിധ്യങ്ങൾ. ദിവസവും 2500 മുതൽ 3500 വരെയുള്ള പ്രതിനിധികൾക്ക് പ്രാതൽ, ഉച്ചഭക്ഷണം, അത്താഴം മുതലായവയാണ് തയ്യാറാക്കിയത്. തൃശൂർ കോർപ്പറേഷൻ, പുത്തൂർ, പറപ്പൂക്കര, വേലൂർ, കോലഴി, തളിക്കുളം പഞ്ചായത്തുകളിലെ 10 യൂണിറ്റുകൾ, ആലപ്പുഴയിലെ 2 യൂണിറ്റുകൾ എന്നിവയുടെ നേതൃത്വത്തിലായിരുന്നു പാചകം. വിവിധ തരം ദോശകൾ, ബിരിയാണി, കപ്പ-മീൻകറി, കപ്പ ബിരിയാണി, ജ്യൂസുകൾ മുതാലയവും കഫേ കുടുംബശ്രീ തയ്യാറാക്കിയിരുന്നു. കഫേ കുടുംബശ്രീക്ക് പ്രവർത്തന മികവിന് വൈഗയുടെ അനുമോദനവും അംഗീകാരവും ലഭിച്ചു.